"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കോഡൂർ ഗ്രാമപഞ്ചായത്തിലെ കേരള വാട്ടർ അതോറിറ്റിയുടെ നൂറാടി പമ്പ് ഹൗസിന്റെ പ്രവർത്തനത്തിന് 200 KVA-യുടെ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള തുക നൽകാൻ കോഡൂർ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.1873/2025/LSGD    തീയതി,തിരുവനന്തപുരം, 29-07-2025

---

പരാമർശം:-

1. കോഡൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 15.09.2023- ലെ 12(1) നമ്പർ തീരുമാനം
2. 22.01.2024-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി യോഗത്തിലെ പ്രത്യേക വിഷയങ്ങളിലെ തീരുമാനം നമ്പർ 4.34
3. 06.06..2024-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി യോഗത്തിലെ തീരുമാനം നമ്പർ 2.8 - 4.34

**ഉത്തരവ്**

കോഡൂർ ഗ്രാമപഞ്ചായത്തിലെ കേരള വാട്ടർ അതോറിറ്റിയുടെ നൂറാടി പമ്പ് ഹൗസ് 1989 മുതൽ പ്രവർത്തിച്ചു വരുന്നു. ആയിരത്തോളം കുടുംബങ്ങൾക്ക് കുടിവെള്ളം നൽകുന്ന ജലസ്രോതസ്സിലാണ് ഈ പമ്പ് ഹൗസ് സ്ഥിതി ചെയ്യുന്നത്. ഈ പമ്പ് ഹൗസിന്റെ പ്രവർത്തനത്തിന് 100 KVA ശേഷിയുള്ള ട്രാൻസ്ഫോർമറാണുള്ളത്. പമ്പിംഗ് കാര്യക്ഷമമാക്കുന്നതിന് 40 HP ശക്തിയുള്ള രണ്ട് മോട്ടോറുകൾ പ്രവർത്തിപ്പിക്കേണ്ടതുണ്ട്. ഇതിനായി ഇപ്പോഴുള്ള 100 KVA ട്രാൻസ്ഫോർമറിനു പകരം 200 KVAയുടെ ട്രാൻസ്ഫോർമർ ആവശ്യമാണ്. ഇതിനുള്ള ഫണ്ട് കേരള വാട്ടർ അതോറിറ്റിക്കോ KSEB ക്കോ ഇല്ലാത്തതിനാൽ ഗ്രാമപഞ്ചായത്തിൽ നിന്ന് ട്രാൻസ്ഫോർമറിനുള്ള തുക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച് പരാമർശം (1) തീരുമാനത്തിന്റെ അടിസ്ഥനത്തിലുള്ള അപേക്ഷ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി പരിഗണിച്ചിരുന്നു. 200 KVA ട്രാൻസ്ഫോർമറിന്റെ ആവശ്യം എന്തുകൊണ്ടാണ്. എത്ര കുടുംബത്തിനാണ് ഇതിന്റെ പ്രയോജനം, ട്രാൻസ്ഫോർമറിന്റെ ചെലവ് KWA/KSEB ക്ക് വഹിക്കാൻ കഴിയാത്തതിന്റെ കാരണം എന്നിവയടക്കം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ കേരള വാട്ടർ അതോറിറ്റി ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി പരാമർശം (2) പ്രകാരം തീരുമാനിച്ചിരുന്നു.

2. ഏകദേശം 1000 കുടുംബങ്ങൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുമെന്നും പുതിയ പമ്പ് സെറ്റുകൾ പ്രവർത്തിപ്പിക്കാൻ വാട്ടർ അതോറിറ്റിക്ക് മാത്രമായി ഡെഡിക്കേറ്റഡ് ട്രാൻസ്ഫോർമറും, അതിലേക്ക് വൈദ്യുതി എത്തിക്കുന്ന ഹൈടെൻഷൻ കേബിളുകളും സ്ഥപിക്കുകയോ, അതല്ലെങ്കിൽ വടക്കേമണ്ണയിൽ സ്ഥാപിച്ച 100 കെ.വി.എ ട്രാൻസ്ഫോർമർ മാറ്റി 200 കെ.വി.എ

ശേഷിയുള്ള ട്രാൻസ്ഫോർമർ സ്ഥാപിക്കുകയോ ചെയ്യണം എന്നും കേരള വാട്ടർ അതോറിറ്റി ചീഫ് എൻജിനീയർ കോർഡിനേഷൻ സമിതി മുൻപാകെ റിപ്പോർട്ട് ചെയ്തിരുന്നു. എസ്റ്റിമേറ്റിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന തുക കൂടി ഉൾപ്പെടുത്തിയാൽ ഓരോ കണക്ഷനും ചിലവാകുന്ന തുക (cost of project) അധികരിക്കുന്നതിനാൽ ഈ പ്രവർത്തി ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ സാധിച്ചില്ല. പുതിയ പമ്പ് സെറ്റ് സ്ഥാപിച്ചപ്പോൾ ആകെ കണക്ഷൻ ലോഡ് കൂടിയതിനാൽ ആണ് പുതിയ ട്രാൻസ്ഫോർമറിന്റെ ആവശ്യം വന്നത്. 200കെ.വി.എ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ ആകെ ചാർജ് 18.00 ലക്ഷം രൂപയാണ്. (കെഎസ്ഇബി ഡെപ്പോസിറ്റ്, മെറ്റീരിയൽസ്, ലേബർ ചാർജ് ഉൾപ്പെടെ) കൂടുതൽ ശേഷിയുള്ള ട്രാൻസ്ഫോർമർ (200കെ.വി.എ) സ്ഥാപിച്ച് പുതിയ മോട്ടോറുകൾ പ്രവർത്തനക്ഷമമാക്കിയാൽ മാത്രമേ പുതിയ പമ്പിംഗ് മെയിനും പ്രഷർ ഫിൽറ്ററും പ്രവർത്തനക്ഷമമാക്കി കൂടുതൽ കുടിവെള്ളം ലഭ്യമാക്കാൻ കഴിയു എന്നും റിപ്പോർട്ട് ചെയ്തിരുന്നു.

3. കേരള വാട്ടർ അതോറിറ്റിയുടെ വിഹിതം, MLASDF തുടങ്ങിയ വിഹിതം കൂടി കണ്ടെത്താൻ ശ്രമിക്കണമെന്ന നിർദ്ദേശത്തോടെ കോഡൂർ ഗ്രാമപഞ്ചായത്തിലെ കേരള വാട്ടർ അതോറിറ്റിയുടെ നൂറാടി പമ്പ് ഹൗസിന്റെ പ്രവർത്തനത്തിന് 200 KVAയുടെ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള തുക നൽകാൻ കോഡൂർ ഗ്രാമപഞ്ചായത്തിന് അനുമതി നൽകുന്നതിന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി പരാമർശം (3) പ്രകാരം തീരുമാനിച്ചിരുന്നു.

4. സർക്കാർ ഇക്കാര്യം പരിശോധിച്ചു. കേരള വാട്ടർ അതോറിറ്റിയുടെ വിഹിതം, MLASDF തുടങ്ങിയ വിഹിതം കൂടി കണ്ടെത്താൻ ശ്രമിക്കണമെന്ന നിർദ്ദേശത്തോടെ കോഡൂർ ഗ്രാമപഞ്ചായത്തിലെ കേരള വാട്ടർ അതോറിറ്റിയുടെ നൂറാടി പമ്പ് ഹൗസിന്റെ പ്രവർത്തനത്തിന് 200 KVAയുടെ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള തുക നൽകാൻ കോഡൂർ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മിലൻ എലിസബേത്ത് ജോർജ്

അണ്ടർ സെക്രട്ടറി

പ്രസിഡന്റ് / സെക്രട്ടറി, കോഡൂർ ഗ്രാമപഞ്ചായത്ത്, മലപ്പുറം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
ഡയറക്ടർ (റൂറൽ), തദ്ദേശസ്വയംഭരണ വകുപ്പ് , തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്I /ആഡിറ്റ് II ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Shaija R M
Date: 30-07-2025 10:30:54
സെക്ഷൻ ഓഫീസർ